EIXI

File No.HEALTH-A2/38/2021-HEALTH

24964

15 APR 2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - കൺസൾട്ടന്റ് തസ്തിക - സ്പെഷ്യാലിറ്റി തസ്തിക പരിവർത്തനവും മെഡിക്കൽ ഓഫീസറുടെ നിയമനവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.815/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 05/04/2021

പരാമർശം:- 1 ഡോ.രാജതിലകം.എൻ.കെ, കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) സമർപ്പിച്ച 03.03.2021-ലെ അപേക്ഷ.

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇ.എ1-11346/2021/ആവഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ പൾമിനറി മെഡിസിൻ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വന്നിരുന്ന റെസ്പിറേറ്ററി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.രാജതിലകം.എൻ.കെ, പ്രസ്തുത കാലാവധി പൂർത്തിയായതു പ്രകാരം ആരോഗ്യ വകുപ്പിൽ പുനഃപ്രവേശിക്കുവാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും, എന്നാൽ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ആരോഗ്യ വകുപ്പിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ, തിരുവനന്തപുരം ജില്ലയിൽ കാലങ്ങളായി ഒഴിഞ്ഞു കിടക്കുന്ന കൺസൾട്ടന്റ് തസ്തികയിൽ ഏതെങ്കിലും ഒരു തസ്തിക റെസ്പിറേറ്ററി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയാക്കി പരിവർത്തനം ചെയ്ത് ഡോ.രാജതിലകത്തിന് നിയമനം നൽകുവാനും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2. ഈ സാഹചര്യത്തിൽ, തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ കാലങ്ങളായി ഒഴിവ് നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയായി പരിവർത്തനം ചെയ്തും, പ്രസ്തുത തസ്തിക കൊല്ലം ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥാനമാറ്റം ചെയ്ത് റെസ്പിറേറ്ററി മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.രാജതിലകത്തിനെ പ്രസ്തുത തസ്തികയിൽ നിയമിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമേഷ് ജി ആർ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/കൊല്ലം.

ഡോ.രാജതിലകം, കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

**<u>മേലെഴുത്ത് നം: ഇ.എ1-11346/2021/ആ.വ.ഡ തീയതി 17.04.2021</u>**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

17/4/21

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**